കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കള്ളാർ ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ് കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ - കെ.എസ്.ഡി-10/71/2017

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം

കാസറഗോഡ്

ജില്ല

തീയതി.09.01.2017.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

പ്രസിഡന്റ് , സെക്രട്ടറി മുഖേന

കള്ളാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കള്ളാർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട്ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനംട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി

ഡയറക്ടർ

സംസ്ഥാന

ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-10/71/2017 തിയ്യതി:09.01.2017

കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.15 മുതൽ 31.12.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം,സംസ്ഥാനാവിഷ്കൃത പദ്ധതി , മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. രാജാരാമ .സി . ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിനു വിനിയോഗിച്ച സമയം : 04-01-2017 മുതൽ 09-01-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ധനജയൻ.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| വിനോദ്കുമാർ.വി | അസി. ഓഡിറ്റ് ഓഫീസർ |
| രഘുനാഥൻ.കെ | അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| സുധീഷ്.എൻ.കെ | ഓഡിറ്റർ |
| ജനാർദ്ദനൻ.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എച്ച്.വിഘ്നേശ്വര ഭട്ട് | 01-04-14 മുതൽ 31-10-2015വരെ |
| | ശ്രീമതി.ത്രേസ്യാമ്മ ജോസഫ് | 01-11-15 മുതൽ 31-03-2016വരെ |
| സെക്രട്ടറി | ശ്രീ.എം.ജി.വേണുഗോപാലൻ | 01-04-15 മുതൽ 31-03-2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ഹരിദാസ്.പി | 01-04-15 മുതൽ 31-03-2016വരെ |
| കൃഷി ഓഫീസർ | വിനോദിനി.കെ | 01-04-15 മുതൽ 31-03-2016വരെ |
| അസി.എഞ്ചിനിയർ | സുജിത് രാജൻ | 01-04-15 മുതൽ 31-03-2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സുഫൈറത്ത്.കെ.റ്റി. | 01-04-15മുതൽ 31-03-2016വരെ |
| വി.ഇ.ഒ | പി.കെ.ജയരാജൻ | 01-04-15 മുതൽ 31-03-2016വരെ |
| ഹെഡ്മാസ്റ്റർ | പുന്നൂസ് മാത്യു | 01-04-15 മുതൽ 31-03-2016വരെ |

| | | |
|---|---|---|
| | | |
| വെറ്റിനറി സർജ്ജൻ | ഡോ.റൂബിഅഗസ്റ്റ്യൻ | 01-04-15 മുതൽ 31-03-2016വരെ |
| മെഡിക്കൽഓഫീസർ, ആയുർവ്വേദം | ഡോ.കെ.എൻ.പ്രമോദ് | 01-04-15 മുതൽ 31-03-2016വരെ |
| മെഡിക്കൽഓഫീസർ, അലോപ്പതി (CHC) | ഡോ.സുക്കു | 01-04-15 മുതൽ 31-03-2016വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.ബേബി സിനി | 01-04-15 മുതൽ 31-03-2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| | | |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ഡി.&ഒ.ലൈസൻസ് അപേക്ഷകൾ അപൂർണ്ണം. | 2-1 |
| 12 | തൊഴിൽ നികപതി-പൊതു അപാകതകൾ | 2-2 |
| | ഭാഗം 3 | |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-1 |

| | | |
|---|---|---|
| 14 | ഭാഗംമേൽക്കുരയ്ക്ക് ജി.ഐ. സെക്ഷൻ ഉപയോഗിച്ച് സ്ട്രക്ചർ നിർമ്മാണം-അപാകത | 3-2 |
| 15 | ഭാഗംചെങ്കൽ സോളിംഗ് സ്റ്റോൺ ഉപയോഗിച്ച് WBM സബ് ബേസ് നിർമ്മാണം – അപാകത | 3-3 |
| | ഭാഗം 4 | |
| 16 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 17 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 19 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 21 | ഓഡിറ്റ് റിക്കവറി | 4-6 |
| 22 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |

| | | |
|---|---|---|
| 23 | ആശുപത്രി വികസന സമിതികളുടെ കണക്ക് | 4-8 |
| 24 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 25 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ ഭാഗം 1 | 4-10 |


അനുബന്ധം

1. ബാലൻസ് ഷീറ്റ്
2. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ് മെന്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| 2015-16 ലെ ബഡ്ജറ്റ് പാസ്സാക്കിയ തിയ്യതി, നമ്പർ |
|---|
| നം.26/2015, തിയ്യതി - 28.03.2015 |

## 1-2 വാർഷികധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|---|
| 2015-16 | 31.07.2016 | 29.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 1,97,38,970.00 |
| വരവ് | 6,86,49,667.00 |
| ആകെ | 8,83,88,637.00 |
| ചെലവ് | 7,84,93,558.00 |
| നീക്കിയിരിപ്പ് | 98,95,079.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ്(RP40 പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (Gen) | 18,69,300 | 44,14,971 | 27,32,581 | 90,16,852 | 90,16,852 | - | 0 |
| വികസനഫണ്ട് (SCP) | 20,90,605 | 46,70,915 | - | 67,61,520 | 67,61,520 | - | 0 |
| വികസനഫണ്ട് (TSP) | 9,88,889 | 15,82,319 | - | 25,71,208 | 25,71,208 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4,98,000 | 55,46,474 | - | 60,44,474 | 40,72,163 | 19,72,311 | 0 |
| ലോകബാങ്ക് സഹായം | 23,54,696 | 7,60,270 | - | 31,14,966 | 23,54,696 | 7,60,270 | 0 |
| സംരക്ഷണ ഗ്രാന്റ്(Road) | 7,30,727 | 74,88,570 | - | 82,19,297 | 79,78,427 | - | +2,40,870 |
| സംരക്ഷണ ഗ്രാന്റ്(Non-Road) | 5,93,928 | 14,77,476 | - | 20,71,404 | 23,12,274 | - | -2,40,870 |
| MGNREGA | 4,60,187 | 1,19,48,218 | - | 1,24,08,405 | 1,23,86,626 | - | 21,779 |
| ബി-ഫണ്ട് | 0 | 1,63,45,585 | - | 1,63,45,585 | | | |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 114 | 89 | 13 | 12 | 78.07%5 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 17,14,000 | 9,87,169 | 58 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 16,70,000 | 13,38,749 | 80 |
| മെഡിക്കൽ ഓഫീസർ(PHC) | 1 | 1 | 5,12,000 | 4,10,244 | 80.125 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 3,00,000 | 3,00,000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 6,00,000 | 6,00,000 | 5100 |
| വി.ഇ.,ഒ | 5 | 4 | 27,95,000 | 24,60,000 | 88 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 26,07,458 | 22,31,242 | 85.57 |
| അസി. എഞ്ചിനീയർ LSGD | 65 | 58 | 2,02,35,748 | 1,68,11,977 | 83.08 |
| ഹെഡ്മാസ്റ്റർ | 3 | 2 | 10,40,000 | 10,24,200 | 98 |
| സെക്രട്ടറി | 17 | 12 | 62,82,295 | 31,77,697 | 50.58 |
| അസി. സെക്രട്ടറി | 5 | 3 | 1,16,60,000 | 93,25,000 | 79.97 |
| ഹെഡ് മാസ്റ്റർ | 2 | 2 | 9,59,000 | 9,43,200 | 98.35% |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 34,19,698 | 36,90,988 | 2,71,290 | (+)7.93% |
| നികുതിയേതര വരവുകൾ | 6,82,936 | 7,01,801 | 18,865 | (+)2.76% |
| മറ്റ് വരവുകൾ(ഇനം തിരിച്ച്) ബാങ്ക് പലിശ | 1,12,918 | 1,74,482 | 61,564 | (+)54.5% |
| ആകെ | 42,15,552 | 45,67,271 | 3,51,719 | (+)8.34% |

തനത് വരുമാനം സംബന്ധിച്ച സ്കോർ കാർഡ് അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി - നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 വർഷം ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 6 | 6 | - |

| | | | | | |
|---|---|---|---|---|---|
| 2 | തൊഴിൽരഹിത വേതനം | 2 | - | 2 | - |
| 3 | വിധവാ പെൻഷൻ | 31 | 27 | 4 | - |
| 4 | വികലാംഗ പെൻഷൻ | 9 | 9 | 6 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 230 | 230 | 32 | - |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 6 | 6 | - | - |

| ക്രമ നം. | പദ്ധതി | 2015-16 വർഷം ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5,91,060 | 83 |
| 2 | തൊഴിൽരഹിത വേതനം | 61,560 | 13 |
| 3 | വിധവാ പെൻഷൻ | 66,03,400 | 741 |
| 4 | വികലാംഗ പെൻഷൻ | 21,03,235 | 257 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,47,000 | 28 |
| 6 | വാർദ്ധക്യകാല പെൻഷൻ | 65,43,330 | 969 |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,80,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2016 ന് 3.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 2,924/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 4.1.2017 to 7.1.2017 | 2016 | - | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | - | - | - |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി. & ഒ. ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2015-16 വർഷത്തേക്ക് ഡി.&ഒ. ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസ് പുതുക്കുന്നതിനുമായി ഗ്രാമ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ പലതും അപൂർണ്ണമായിട്ടാണ് പൂരിപ്പിച്ചിട്ടുള്ളത്. മിക്ക അപേക്ഷകളിലും ഒരു സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ്, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം (ലൈസൻസ് അപേക്ഷ അനുവദിച്ചു/തള്ളി) എന്നിങ്ങനെയുള്ള രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും വിലാസവും | വാർഡ്/കെട്ടിട നം. | എന്ത് ആവശ്യത്തിന് | റിമാർക്സ് |
|---|---|---|---|---|
| 1 | സി. ജെ. ജോൺ ചോലിക്കര, ഒന്നാം മൈൽ, രാജപുരം. പി.ഒ. | VIII / 251 | പലചരക്ക് കട | ഒരു ദിവസത്തെ വിറ്റു വരവ് കാണിച്ചിട്ടില്ല. |
| 2 | ടി. ഒ. ജോൺ, പറമ്പേട്ട്, രാജപുരം. | VIII / 251 A | സ്റ്റേഷനറി കട | ഒരു ദിവസത്തെ വിറ്റു വരവ് കാണിച്ചിട്ടില്ല |
| 3 | എം. പി. ജോസ്, മെത്താനത്ത്, രാജപുരം. | VIII / 246 | പലചരക്ക് കട | ഒരു ദിവസത്തെ വിറ്റു വരവ് കാണിച്ചിട്ടില്ല |
| 4 | ജയിൻ.പി. വർഗ്ഗീസ്, പുതുപ്പള്ളിൽ, ഒടയംചാൽ. | VIII / 330 | സ്റ്റേഷനറി കട | പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം ഇല്ല. |

| | | | | |
|---|---|---|---|---|
| 5 | എ. കെ. സ്റ്റീഫൻ, അലക്കപടവിൽ, മാലക്കല്ല് | VIII / 222 A | തുണി കച്ചവടം | ഒരു ദിവസത്തെ വിറ്റു വരവ്,പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എന്നിവ ഇല്ല |
| 6 | രാജീവൻ. പി. ടി. സ്നേഹസ്റ്റുഡിയോ, രാജപുരം. | VIII / 210 A | സ്റ്റുഡിയോ നടത്തുന്നതിന് | പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം ഇല്ല. |
| 7 | ദീപാ ഷിജു, ഒരപ്പങ്കൽ, രാജപുരം. | VIII / 135 A | തുണി കച്ചവടം | ഒരു ദിവസത്തെ വിറ്റു വരവ് കാണിച്ചിട്ടില്ല |
| 8 | ജോബി ബിജു, പുതിയ മഠത്തിൽ, കരിന്തളം. | VIII / 225 | ടൈലറിങ്ങ് ഷോപ്പ് നടത്താൻ | പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം ഇല്ല. |
| 9 | ആൻഡ്രൂസ് സിക്കേര, ചാത്തനാശ്ശേരി, രാജപുരം, | VIII / 528 | ഫർണിച്ചർ ഷോപ്പ് | ഒരു ദിവസത്തെ വിറ്റു വരവ്,പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എന്നിവ ഇല്ല |
| 10 | നന്ദകുമാർ.സി.കെ. സി കെ നിവാസ്, വണ്ണാത്തിക്കാനം, രാജപുരം. | VIII / 125 B | ജ്വല്ലറി വർക്ക്സ് | ഒരു ദിവസത്തെ വിറ്റു വരവ്,പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനം എന്നിവ ഇല്ല |

## 2-2 തൊഴിൽ നികുതി - പൊതു അപാകതകൾ

ചില സ്ഥാപനങ്ങളും വ്യക്തികളും തൊഴിൽ നികുതി റിട്ടേണുകൾ നിശ്ചിത മാതൃകയിലല്ല സമർപ്പിക്കുന്നത്. ഏതാനും ചില സ്ഥാപനങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി കാലയളവ് |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, മാലക്കല്ല് | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 2 | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്, രാജപുരം. | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 3 | അക്ഷയ ഓഫ് സെറ്റ് , മാലക്കല്ല്. | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 4 | ബൂൺ സ്കൂൾ , കള്ളാർ. | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |
| 5 | ടാഗോർ പബ്ലിക് സ്കൂൾ, രാജപുരം. | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം |

ആകെ വരുമാനത്തിന്റെ പൂർണ്ണ വിവരങ്ങൾ റിട്ടേണിൽ എഴുതി ചേർക്കാത്തതിനാൽ മേൽ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ഭാവിയിൽ തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുമ്പോൾ മുഴുവൻ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം.118/16 -സമഗ്ര പേവിഷബാധ,തെരുവ് നായ്ക്കൾ പ്രജനന നിയന്ത്രണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സമഗ്ര പേവിഷബാധ,തെരുവ് നായ്ക്കൾ പ്രജനന നിയന്ത്രണ പദ്ധതിക്കായി വൗച്ചർ നം.21500940/29.03.2016 പ്രകാരം 2,00,000/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി സെക്രട്ടറി, കാസറഗോഡ് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഡി.ഡി. നമ്പർ. 990657/29.03.2016. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.03/09.01.2017 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിനാൽ ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

### 3-2 മേൽക്കൂരയ്ക്ക് ജി .ഐ സെക്ഷൻ ഉപയോഗിച്ചുള്ള സ്ട്രക്ചർ നിർമാണം-പൈപ്പിന്റെ ഭാരം കണക്കാക്കിയതിൽ തെറ്റ്-നഷ്ടം

2015-16 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ജി.ഐ. ഹോളോ സെക്ഷനുകൾ ഉപയോഗിച്ച് മേൽക്കൂരയ്ക്കുള്ള ട്രസ്സ് നിർമാണം നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരവും എം ബുക്ക് പ്രകാരവും വിവിധ പ്രവൃത്തികളിൽ ഈ ഇനത്തിന്റെ അളവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വിശദ വിവരങ്ങൾ | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് വിവരങ്ങൾ | എം ബുക്ക് പ്രകാരമുള്ള അളവ് വിവരങ്ങൾ |
|---|---|---|---|

| | | ഇനം നം | പൈപ്പിന്റെ തൂക്കം | നിരക്ക് | തുക | ഇനം നം | പൈപ്പിന്റെ തൂക്കം | നിരക്ക് | തുക |
|---|---|---|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നം -79/16- രാജപുരം കൃഷി ഭവൻ അഭിവൃദ്ധിപ്പെടുത്തൽ<br>കരാറുകാരൻ- ജി.എസ്.രാജീവ്<br>വൗച്ചർ നം 54/15-16 തിയതി 28.03.2016<br>തുക- 3,99,237<br>എം.ബുക്ക് നം. 19/15-16 | 3 | 628.21 Kg | 126.56/Kg | 79,506 | 3 | 659.62 Kg | 126.56 | 83,481.51 |
| 2 | പ്രോജക്റ്റ് നം -124/16- അടോട്ടുകയ എഫ്.ഡബ്ല്യു.സി അഭിവൃദ്ധിപ്പെടുത്തൽ<br>കരാറുകാരൻ- എം.ഡി.സെബാസ്റ്റ്യൻ<br>വൗച്ചർ നം 69/15-16 തിയതി 31.03.2016<br>തുക- 74,850<br>എം.ബുക്ക് നം. 19/15-16 | 1 | 252.67 Kg | 128.89/Kg | 32,567 | 1 | 252.67 Kg | 128.89 | 32,566.64 |

80x40x1.6mm, 25x25x1.6mm എന്നീ സൈസുകളിലുള്ള ഹോളോ സെക്ഷനുകളാണ് ഈ പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരവും എം. ബുക്ക് പ്രകാരവും ഉപയോഗിച്ച സെക്ഷനുകളുടെ അളവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരം | | | | | | എം ബുക്ക് പ്രകാരം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 80x40x1.6mm | | | 25x25x1.6mm | | | 80x40x1.6mm | | | 25x25x1.6mm | | |
| | നീളം | തൂക്കം | ആകെ തൂക്കം | നീളം | തൂക്കം/മീറ്റർ | ആകെ തൂക്കം | നീളം | തൂക്കം | ആകെ തൂക്കം | നീളം | തൂക്കം | ആകെ തൂക്കം |
| രാജപുരം കൃഷി ഭവൻ അഭിവൃദ്ധിപ്പെടുത്തൽ | 103.8 | 18.70/5 മീറ്റർ | 388.21 | 160 | 7.5/5 മീറ്റർ | 240 | 120.3 | 18.70/5 മീറ്റർ | 449.92 | 163 | 7.5/5 മീറ്റർ | 244.5 |
| | ആകെ തൂക്കം- 388.21+240 = 628.21 | | | | | | ആകെ തൂക്കം- 449.92+244.50 = 694.42<br>659.62 കിലോ ഗ്രാമിലേക്ക് പരിമിതപ്പെടുത്തി | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| അടോട്ടുകയ എഫ്.ഡബ്ല്യു.സി അഭിവൃദ്ധിപ്പെടുത്തൽ | 50.1 | 18.70/5 മീറ്റർ | 187.37 | 59.20 | 7.5/5 മീറ്റർ | 88.80 | 50.10 | 3.72/ മീറ്റർ | 186.34 | 59.20 | 1.12/മീറ്റർ | 66.30 |
| | ആകെ തുക്കം-187.37+88.80 = 276.17 | | | | | | ആകെ തുക്കം- 186.34+66.30= 252.64 | | | | | |

എസ്റ്റിമേറ്റിലും എം. ബുക്കിലും ജി.ഐ. ഹോളോ സെക്ഷനുകളുടെ ഭാരം കണക്കാക്കിയിരിക്കുന്നത് 18.70 കിലോ/5മീറ്റർ (80x40x1.6mm), 7.5 കിലോ/5 മീറ്റർ (25x25x1.6mm) എന്നീ നിരക്കുകളിലാണ്. എന്നാൽ ഇന്ത്യൻ സ്റ്റാൻഡേർഡ്സിലെ IS 4923 അനുസരിച്ച് 80x40x1.6mm റെക്ടാങ്കുലർ ഹോളോ സെക്ഷനുകളുടെ സ്റ്റാൻഡേർഡ് ഭാരം 18.70 കിലോ/6മീറ്റർ ആണ്. അതു പോലെത്തന്നെ 25x25x1.6mm സ്ക്വയർ ഹോളോ സെക്ഷനുകളുടെ സ്റ്റാൻഡേർഡ് ഭാരം 7.5 കിലോ/6 മീറ്റർ ആണ്. ഇതിനു വിരുദ്ധമായി, എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും എം. ബുക്കിൽ രേഖപ്പെടുത്തുമ്പോഴും 80x40x1.6mm റെക്ടാങ്കുലർ ഹോളോ സെക്ഷനുകളുടെ ഭാരം 18.70 കിലോ/5 മീറ്റർ ആയും 25x25x1.6mm സ്ക്വയർ ഹോളോ സെക്ഷനുകളുടെ സ്റ്റാൻഡേർഡ് ഭാരം 7.5 കിലോ/5 മീറ്റർ ആയുമാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ ഉപയോഗിച്ച പൈപ്പിന്റെ ഭാരം കണക്കാക്കുമ്പോൾ അധികം രേഖപ്പെടുത്താൻ ഇടയായിട്ടുണ്ട്. പൈപ്പുകളുടെ പ്രതി മീറ്റർ ഭാരം യഥാർത്ഥത്തിൽ എടുക്കേണ്ടിയിരുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

| Dimensions of the Pipes | Weight of one pipe of 6 meters Standard length | Actual Weight per meter | Weight per meter taken by the engineer |
|---|---|---|---|
| 80x40x1.6mm | 18.7Kg | 3.12Kg | 3.74Kg, 3.72Kg |
| 25x25x1.6mm | 7.5 Kg | 1.25Kg | 1.5Kg, 1.12 Kg |

ആയതിനാൽ ഈ ഇനങ്ങളിൽ പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള നഷ്ടം ചുവടെ കണക്കാക്കുന്നു.

| രാജപുരം കൃഷി ഭവൻ അഭിവൃദ്ധിപ്പെടുത്തൽ | | | | | | | | |
|---|---|---|---|---|---|---|---|---|
| | എം. ബുക്കിൽ രേഖപ്പെടുത്തിയ വിവരം | | | ശരിയായ കണക്ക് | | | അധികം രേഖപ്പെടുത്തിയ ഭാരം | അധികം ഭാരത്തിന് നൽകിയ തുക |
| | നീളം മീറ്റർ | ഒരു മീറ്ററിന്റെ ഭാരം | ആകെ ഭാരം | നീളം മീറ്റർ | ഒരു മീറ്ററിന്റെ ഭാരം | ആകെ ഭാരം | | |
| 80x40x1.6mm | 120.3 | 3.74 | 449.92 | 120.3 | 3.12 | 375.33 | 74.58 | |
| 25x25x1.6mm | 163 | 1.50 | 244.5 | 163 | 1.25 | 203.75 | 40.75 | |
| ആകെ | | | 694.42 659.62 ലേക്ക് പരിമിതപ്പെടുത്തി | | | 579.08 | 80.54 | 80.54 x 126.56 = 10,193 |

| അടോട്ടുകയ<br>എഫ്.ഡബ്ല്യു.സി അഭിവൃദ്ധിപ്പെടുത്തൽ | | | | |
|---|---|---|---|---|
| | എം. ബുക്കിൽ രേഖപ്പെടുത്തിയ വിവരം | ശരിയായ കണക്ക് | അധികം രേഖപ്പെടുത്തിയ ഭാരം | അധികം ഭാരത്തിന് നൽകിയ തുക |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നീളം മീറ്റർ | ഒരു മീറ്ററിന്റെ ഭാരം | ആകെ ഭാരം | നീളം മീറ്റർ | ഒരു മീറ്ററിന്റെ ഭാരം | ആകെ ഭാരം | | |
| 80x40x1.6mm | 50.10 | 3.72/ മീറ്റർ | 186.34 | 50.10 | 3.12 | 156.31 | | |
| 25x25x1.6mm | 59.20 | 1.12/മീറ്റർ | 66.30 | 59.20 | 1.12 | 66.30 | | |
| ആകെ | | | 252.67 | | | 222.61 | 30 | 30 x 128.89 = 3,874 |

ആകെ നഷ്ടം- 10,193 + 3,874 = 14,067

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6, തിയതി -10.01.2017 ) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടം 14,067 രൂപ പ്രവൃത്തിക്ക് മേൽ നോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 150 mm ചെങ്കൽ സോളിംഗ് സ്റ്റോണുപയോഗിച്ചുള്ള WBM സബ് ബേസ് നിർമാണം- സോളിംഗ് സ്റ്റോൺ കളക്ഷന് വോയ്ഡ്സ് കുറച്ചിട്ടില്ല- നഷ്ടം

2015-16 വർഷം നടപ്പിലാക്കിയ 2 റോഡ് സോളിംഗ് പ്രവൃത്തികളിൽ 150 mm ചെങ്കൽ സോളിംഗ് സ്റ്റോണുപയോഗിച്ചുള്ള WBM സബ് ബേസ് നിർമാണം നടത്തിയിട്ടുണ്ട്. DSR 2014 അടിസ്ഥാനമാക്കിയാണ് ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ സ്പെസിഫിക്കേഷനുകൾ അടിസ്ഥാനമാക്കിയുള്ള ഇനങ്ങളാണ് ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ എസ്റ്റിമേറ്റുകളിലെ ഇനം 3 ആയി 150 mm സോളിംഗ് സ്റ്റോൺ ശേഖരിക്കലും ഇനം 5 ആയി WBM സ്പെസിഫിക്കേഷനുകൾ അനുസരിച്ച് സോളിംഗ് സ്റ്റോൺ വിതറി റോളർ ഉപയോഗിച്ച് കോംപാക്ട് ചെയ്യുന്ന DSR ലെ കോഡ് 16.4 പ്രകാരമുള്ള പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ്, എം. ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയതനുസരിച്ച് സോളിംഗ് സ്റ്റോൺ ശേഖരിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വിശദ വിവരങ്ങൾ | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് വിവരങ്ങൾ | | | | എം ബുക്ക് പ്രകാരമുള്ള അളവ് വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|
| | | ഇനം നം | അളവ് | നിരക്ക് | തുക | ഇനം നം | അളവ് | നിരക്ക് | തുക |
| 1 | പ്രോജക്ട് നം -121/16- രാജപുരം അഞ്ജനമുക്കട്- കുണ്ടംപാറ റോഡ് സോളിംഗ് കരാറുകാരൻ- | 3 | 251.10cum | 773/ cum | 194100 | 3 | 251.10 cum | 773/cum | 1,94,100.30 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | സുരേഷ് കുമാർ.എ<br>വൗച്ചർ നം 42/15-16 തിയതി 28.03.2016<br>തുക- 2,35,426,<br>വൗച്ചർ നം 43/15-16 തിയതി 28.03.2016<br>തുക- 1,15,221<br>എം. ബുക്ക് നം. 22/14-15 | | | | | | | | |
| 2 | പ്രോജക്ട് നം -50/16- മാലക്കല്ല് ചുള്ളിയോട് റോഡ് സോളിംഗ്<br>കരാറുകാരൻ- ബെന്നി ജോസ്<br>വൗച്ചർ നം. 41/15-16 തിയതി. 19.03.2016<br>തുക- 3,66,693<br>എം. ബുക്ക് നം. 28/14-15 | 3 | 186 cum | 773/cum | 1,43,778 | 3 | 186 cum | 773/cum | 1,43,778 |

കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ സ്പെസിഫിക്കേഷൻ നം 16.7 അനുസരിച്ച് സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ച് WBM സബ് ബേസ്/ ബേസ് നിർമിക്കുമ്പോൾ സ്റ്റോൺ അഗ്രിഗേറ്റുകൾ സ്റ്റാക്ക് ചെയ്ത് അളവെടുക്കുമ്പോൾ വിടവുകൾ അഥവാ Voids നുള്ള കുറവിനായി 7.5% കുറവ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. WBM ബേസ്, സബ് ബേസുകൾ കരിങ്കൽ സ്റ്റോൺ അഗ്രിഗേറ്റുകൾ ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളിൽ 7.5% വോയ്ഡ്സ് കൃത്യമായി കുറച്ചിട്ടുണ്ട്. എന്നാൽ മേൽ 2 പ്രവൃത്തികളിലും വോയ്ഡ്സിനായി 7.5% കുറവ് ചെയ്തിട്ടില്ല. 150 mm ന് കുറവ് സൈസിലുള്ള കരിങ്കൽ മെറ്റലുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിൽ തന്നെ 7.5% കുറവ് ചെയത് വരുന്ന സാഹചര്യത്തിലും ചെങ്കൽ ഉപയോഗിച്ചുള്ള പ്രവൃത്തിയിൽ വോയ്ഡ്സിനുള്ള കുറവ് വരുത്താത്തതിനാൽ മേൽ പ്രവൃത്തികളിൽ പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വിശദ | എം ബുക്ക് പ്രകാരമുള്ള അളവു വിവരങ്ങൾ | അനുവദനീയമായ അളവു വിവരങ്ങൾ | അധികം |
|---|---|---|---|---|

| | വിവരങ്ങൾ | ഇനം നം | അളവ് | നിരക്ക് | തുക | ഇനം നം | അളവ് | നിരക്ക് | തുക | |
|---|---|---|---|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. -121/16- രാജപുരം അഞ്ജനമുക്കട്- കുണ്ടംപാറ റോഡ് സോളിംഗ് | 3 | 251.10 cum | 773/cum | 1,94,100.30 | 3 | 251.10 cum (-)7.5%= 232.27 cum | 773/cum | 1,79,543 | 14,557 |
| 2 | പ്രോജക്ട് നം. -50/16- മാലക്കല്ല് ചുള്ളിയോട് റോഡ് സോളിംഗ് | 3 | 186 cum | 773/cum | 1,43,778 | 3 | 186 cum (-)7.5% = 172.05 cum | 773/cum | 1,32,995 | 10,783 |
| ആകെ | | | | | | | | | | 25,340 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5, തിയതി- 10.01.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടം 25,340 രൂപ പ്രവൃത്തിക്ക് മേൽ നോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 74,533 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 74,533 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അംഗൻവാടി വൈദ്യുതിലൈൻ നീട്ടൽ | - | 21,200 | 21,200 | പൂർത്തീകരിച്ചിട്ടില്ല | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് - മുതൽ | തൻവർഷം അടച്ചത് - പലിശ | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ) നം. 525/10 /LSGD/Dt.22.02.10 | 8,78,900 | - | 8,78,900 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,86,49,667 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,83,88,637 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,407 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 14,067 | അസി.എഞ്ചിനീയർ |
| 3-3 | | 25,340 | അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,00,000 | സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജിത് രാജൻ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി സെക്ഷൻ വെൺമണി ആലപ്പുഴ ജില്ല. | സുജിത് വില്ല,<br>ഇട്ടിയപ്പൻ വിളയിൽ ,<br>മാവേലിക്കര പി.ഒ.<br>ആലപ്പുഴ ജില്ല. |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-2003 | നം.എൽ.എഫ്.കെ.എസ്.ഡി.3 47/10 തിയതി 10-06-2010 | 4 |
| 2003-2004 | നം.എൽ.എഫ്.കെ.എസ്.ഡി. 3 /48/ 2010. തിയതി 04-06-2010 | 5 |
| 2004-2005 | നം.എൽ.എഫ്.കെ.എസ്.ഡി.3 /206/ 2010തിയതി19-03-2011 | 11 |
| 2005-2006 | നം.എൽ.എഫ്.കെ.എസ്.ഡി. 3/212/ 2010 തിയതി.31-03-2011 | 9 |
| 2006-2007 | നം.എൽ.എഫ്.കെ.എസ്.ഡി.3 /406/2012തിയതി.09-08-2012 | 13 |

| | | |
|---|---|---|
| 2007-2008 | നം.എൽ.എഫ്.കെ.എസ്.ഡി.3 /407/2012തിയതി.09-08-2012 | 9 |
| 2008-09 & 2009-10 | നം.എൽ.എഫ്.കെ.എസ്.ഡി.3 /903/ 2012തിയതി.12-12-2012 | 10 |
| 2010-11 & 2011-12 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /1323 /2014 തിയതി.06-03-2015 | 19 |
| 2012-13 & 2013-14 | ന.എൽ..എഫ്. കെ.എസ്.ഡി. 7 /270 /2015 തിയതി. 08-07-2015 | 11 |
| 2014-14 | ന.കെ.എസ്.എ. കെ.എസ്.ഡി.5 /806 /2016 തിയതി. 01-08-2016 | 16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എസ്.ഡി.10/71/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്,കാര്യാലയം,

ഫോൺ.04994-256690

തീയ്യതി: 09.01.2017.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, കള്ളാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

No.KSA/KSD-10/71/2017

Kerala State Audit Department

District Audit,Office, Kasaragod,

Phone:04994-255690

E-mail:doksd.ksad@gmail.com

Date:09.01.2017.

Certified that, I have audited the Annual Financial Statement of KALLAR GRAMA PANCHAYAT in Kasaragod District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Selection 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller andAuditor General of India for the purpose of audit of accounts of panchayat Raj Institutions.

In my opinion, the Financial Statements of KALLAR Gramapanchayat for the year 2015-16, except the observations in my audit report, properly presents the picture of income and expenditure.

Deputy Director,

District Audit Office, Kasaragod.